LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലമുള്ള പ്രതിസന്ധികൾ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ധനകാര്യവകുപ്പ് നോഡൽ സെല്ലിലും മറ്റും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) എം.എൽ.എ.മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളും പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ്.

## ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ്

**157 (502)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിതവ്യയം നടപ്പിലാക്കുന്നതിനും ധനകാര്യവകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ, ജോയിന്റ് ഇന്ത്യാ ഐ.എം.എഫ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ പരിശീലന കേന്ദ്രങ്ങളിൽ ട്രെയിനിംഗ് ലഭിച്ച എത്ര ഉദ്യോഗസ്ഥർ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നുണ്ട് ; വിശദമാക്കാമോ ;

(സി) ഇത്തരം ട്രെയിനിംഗ് കൂടുതൽ ജീവനക്കാർക്ക് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

## ഉത്തരം

(എ) ധനകാര്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് ഉയർത്താനായി 2010 മുതൽ തന്നെ ധനകാര്യവകുപ്പിന്റെകീഴിൽ ഒരു പരിശീലന കേന്ദ്രം നിലവിൽ ഉണ്ട്. കൂടാതെ കൂടുതൽ വിദഗ്ദ്ധ പരിശീലനത്തിനായി ഉദ്യോഗസ്ഥരെ സംസ്ഥാനത്തിന് പുറത്തെ പരിശീലന കേന്ദ്രങ്ങളിലേക്കും അയയ്ക്കാറുണ്ട്.

(ബി) നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിൽ, ഐ.എം.എഫ്. എന്നീ പരിശീലന കേന്ദ്രങ്ങളിൽ ട്രെയിനിംഗ് ലഭിച്ച 10 ഉദ്യോഗസ്ഥർ ധനകാര്യ വകുപ്പിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. ശ്രീമതി ഷീജ, റ്റി.എസ്., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ജയ് മേരി ജോൺ, അഡീഷണൽ സെക്രട്ടറി
3. ശ്രീ. എൻ. എം. രവീന്ദ്രൻ, ജോയിന്റ് സെക്രട്ടറി
4. ശ്രീ. എ. അജിത് കുമാർ, അണ്ടർ സെക്രട്ടറി (ഹ.ഗ്രേഡ്)
5. ശ്രീ. എൻ. ഗോപകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. ദീപു ആർ. കെ., സെക്ഷൻ ഓഫീസർ
7. ശ്രീമതി നിതാകുമാരി, റ്റി., ജോയിന്റ് സെക്രട്ടറി
8. ശ്രീ. എം.ബി. സാനു, ജോയിന്റ് സെക്രട്ടറി
9. ശ്രീ. വി. അജയകുമാർ, അണ്ടർ സെക്രട്ടറി
10. ശ്രീ. വി. ആർ. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

(സി) ധനകാര്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് ഉയർത്താനായി കൂടുതൽ പരിശീലന പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതാണ്.

## സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

**158 (T 503)** ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly